ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 08.07.2024**

## പ്രധാനവാർത്തകൾ

1.) ദ്വിരാഷ്ട്ര സന്ദർശനത്തിന്റെ ഭാഗമായി റഷ്യയിലെത്തിയ പ്രധാനമന്ത്രി നരേന്ദ്രമോദിയ്ക്ക് ഊഷ്മള വരവേൽപ്. റഷ്യൻ പ്രസിഡൻറ് വ്ളാഡിമിർ പുടിനുമായി പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തും.

2) നീറ്റ്-യു ജി ചോദ്യപേപ്പർ ചോർച്ചയുമായി ബന്ധപ്പെട്ട് റിപ്പോർട്ട് സമർപ്പിക്കാൻ കേന്ദ്ര സർക്കാരിനും ദേശീയ പരീക്ഷാ ഏജൻസിക്കും സുപ്രീം കോടതി നിർദേശം.

3) സ്ത്രീകളുടെ ആർത്തവ അവധി സംബന്ധിച്ച് സംസ്ഥാനങ്ങളുമായി ചർച്ച ചെയ്ത് നയരൂപീകരണം നടത്താൻ കേന്ദ്രസർക്കാരിനോട് നിർദ്ദേശിച്ച് സുപ്രീംകോടതി.

4) ജൽ ജീവൻ പദ്ധതി നടത്തിപ്പിലെ അപാകതകൾ സംബന്ധിച്ച ഉപക്ഷേപത്തിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് നിയമസഭയിൽ പ്രതിപക്ഷ വാക്കൌട്ട്.

5) സംസ്ഥാനത്ത് വ്യാപക മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത.

6) കോപ്പ അമേരിക്ക , യൂറോ കപ്പ് സെമി ഫൈനൽ മത്സരങ്ങൾക്ക് മറ്റന്നാൾ തുടക്കം.

RNU TVPM

$$$$$$$$$$$$$$$$$$$$$$

## പ്രധാനമന്ത്രി - റഷ്യ സന്ദർശനം

ദ്വിരാഷ്ട്ര സന്ദർശനത്തിൻറെ ഭാഗമായി റഷ്യയിലെത്തിയ പ്രധാനമന്ത്രി നരേന്ദ്രമോദിയ്ക്ക് ഊഷ്മള വരവേൽപ്. ഗാർഡ് ഓഫ് ഓണർ നൽകിയാണ് അദ്ദേഹത്തെ മോസ്കോ വിമാനത്താവളത്തിൽ സ്വീകരിച്ചത്. റഷ്യൻ ഉപപ്രധാനമന്ത്രി ഡെനിസ് മാന്തുറോവ് ശ്രീ നരേന്ദ്രമോദിയെ സ്വീകരിക്കാൻ എത്തിച്ചേർന്നിരുന്നു. നാളെ നടക്കുന്ന 22-മത് ഇന്ത്യ-റഷ്യ വാർഷിക ഉച്ചകോടിയിൽ പങ്കെടുക്കുന്നതിനാണ് അദ്ദേഹം റഷ്യയിലെത്തിയത്. റഷ്യൻ പ്രസിഡൻറ് വ്ളാഡിമിർ പുടിനുമായി ശ്രീ മോദി ഇന്ന് കൂടിക്കാഴ്ച നടത്തും. പ്രാദേശിക, അന്താരാഷ്ട്ര പ്രാധാന്യമുള്ള സമകാലിക വിഷയങ്ങൾ നേതാക്കൾ ചർച്ച ചെയ്യും. വ്ളാഡിമിർ പുടിൻ ഒരുക്കിയ ഔദ്യോഗിക അത്താഴ വിരുന്നിലും ശ്രീ മോദി ഇന്ന് പങ്കെടുക്കും. റഷ്യയിലെ ഇന്ത്യൻ സമൂഹവുമായി അദ്ദേഹം നാളെ സംവദിക്കും. സന്ദർശനത്തിൻറെ രണ്ടാം പാദത്തിൽ ഓസ്ട്രിയയിലെത്തുന്ന ശ്രീ മോദി ഓസ്ട്രിയൻ പ്രസിഡൻറ് അലക്സാണ്ടർ വാൻ ഡെർ ബെല്ലെനുമായും, ഓസ്ട്രിയ ചാൻസലർ കാൾ നെഹെമെറുമായും കൂടിക്കാഴ്ച നടത്തും. ഓസ്ട്രീയയിലെ ഇന്ത്യൻ സമൂഹവുമായും അദ്ദേഹം സംവദിക്കും. 40 വർഷത്തെ ഇടവേളയ്ക്ക് ശേഷം ഇതാദ്യമായാണ് ഒരു ഇന്ത്യൻ പ്രധാനമന്ത്രി ഓസ്ട്രിയ സന്ദർശിക്കുന്നത്.

$$$$$$$$$$$$$$$$$$$$$$$$

## നീറ്റ്-യു ജി പരീക്ഷ

നീറ്റ്-യു ജി ചോദ്യപേപ്പർ ചോർച്ചയുമായി ബന്ധപ്പെട്ട് റിപ്പോർട്ട് സമർപ്പിക്കാൻ കേന്ദ്ര സർക്കാരിനും ദേശീയ പരീക്ഷാ ഏജൻസിക്കും സുപ്രീം കോടതി നിർദേശം. കേസിന്റെ ഇതുവരെയുള്ള അന്വേഷണ പുരോഗതി റിപ്പോർട്ട് സമർപ്പിക്കാൻ സിബിഐയോടും കോടതി ആവശ്യപ്പെട്ടു. ബുധനാഴ്ച വൈകിട്ട് 5 മണിക്ക് മുൻപ് റിപ്പോർട്ട് നൽകാനാണ് ഉത്തരവ്. ചീഫ് ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡ്, ജസ്റ്റിസുമാരായ ജെ ബി പർദിവാല, മനോജ് മിശ്ര എന്നിവരടങ്ങിയ ബെഞ്ചാണ് നീറ്റ്-യു ജി പരീക്ഷയുമായി ബന്ധപ്പെട്ട ഹർജികളിൽ വാദം കേട്ടത്. പരീക്ഷയുടെ പവിത്രത ഹനിക്കപ്പെട്ടെന്ന കാര്യം സുവ്യക്തമാണെന്നും എന്നാൽ പരീക്ഷ വീണ്ടും നടത്താൻ ഉത്തരവിടുന്നതിന് മുമ്പ്, ചോർച്ചയുടെ വ്യാപ്തി അറിയേണ്ടതുണ്ടെന്നും ചീഫ് ജസ്റ്റിസ് വ്യക്തമാക്കി. നീറ്റ്-യു.ജി പരീക്ഷ റദ്ദാക്കുന്നത് ഏറ്റവും അവസാനത്തെ പരിഹാര

RNU TVPM

മാർഗമായിരിക്കണമെന്നും കോടതി നിരീക്ഷിച്ചു. ഹർജികളിൽ വ്യാഴാഴ്ച വീണ്ടും വാദം കേൾക്കും.

$$$$$$$$$$$$$$$$$$$$$$$

**ആർത്തവ അവധി**

സ്ത്രീകളുടെ ആർത്തവ അവധി സംബന്ധിച്ച് സംസ്ഥാനങ്ങളുമായും, ബന്ധപ്പെട്ടവരുമായും ചർച്ച ചെയ്ത് നയരൂപീകരണം നടത്താൻ കേന്ദ്രസർക്കാരിനോട് നിർദ്ദേശിച്ച് സുപ്രീംകോടതി. ആർത്തവ അവധി നയം ആവശ്യപ്പെട്ടുള്ള പൊതുതാൽപര്യ ഹർജി തീർപ്പാക്കിക്കൊണ്ടാണ് ചീഫ് ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡ് അധ്യക്ഷനായ ബഞ്ചിൻറെ നിർദ്ദേശം. ഇത് കോടതികൾ പരിശോധിക്കേണ്ട വിഷയമല്ലെന്ന് പറഞ്ഞ സുപ്രീംകോടതി, ആർത്തവ അവധി സംബന്ധിച്ച കോടതി വിധി സ്ത്രീകളെ തൊഴിലിടങ്ങളിൽ നിന്നും ഒഴിവാക്കുന്ന വിധത്തിൽ പ്രതികൂലമായേക്കാമെന്നും നിരീക്ഷിച്ചു. ആർത്തവ അവധി നയത്തിൽ സംസ്ഥാന സർക്കാരുകളെടുക്കുന്ന സ്വതന്ത്ര തീരുമാനങ്ങളിൽ കോടതി നിർദ്ദേശം തടസ്സമാകില്ലെന്നും സുപ്രീം കോടതി പറഞ്ഞു.

$$$$$$$$$$$$$$$$$$$$$$$

***നിയമസഭ- ഇൻട്രോ***

***ജൽ ജീവൻ പദ്ധതി നടത്തിപ്പിലെ അപാകതകൾ സംബന്ധിച്ച ഉപക്ഷേപത്തിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് നിയമസഭയിൽ പ്രതിപക്ഷ വാക്കൌട്ട്. സഭാ നടപടികൾ നിർത്തി വയ്ക്കണമെന്ന് ആവശ്യപ്പെടുന്ന ഉപക്ഷേപത്തിനാണ് സ്പീക്കർ അനുമതി നിഷേധിച്ചത്. വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാപ്രതിനിധി രെജു കോലിയക്കോട്.........***

***(വോയിസ്)***

$$$$$$$$$$$$$$$$$$$$$$$

**പക്ഷിപ്പനി**

പക്ഷിപ്പനിയെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച വിദഗ്ധ സംഘം സംസ്ഥാന സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചു. ദേശാടന പക്ഷികളിൽ നിന്നും വൈറസ് പടർന്നിരിക്കാമെന്നാണ് സംഘത്തിൻറെ കണ്ടെത്തൽ. അസുഖം ബാധിച്ച പക്ഷികളുടെ വിൽപ്പനയിലൂടെയും, രോഗബാധയുള്ള പക്ഷികളെ മറ്റ് സ്ഥലങ്ങളിലേക്ക് മാറ്റിയത് മൂലവും വൈറസ് പടർന്നിരിക്കാമെന്നും റിപ്പോർട്ടിൽ പറയുന്നു. പക്ഷിപ്പനി

RNU TVPM

പ്രതിരോധത്തിനും നിയന്ത്രണത്തിനും 2021 ലെ ദേശീയ കർമ്മ പദ്ധതി കർശനമായി പാലിക്കണമെന്ന് വിദഗ്ധ സമിതി നിർദ്ദേശിച്ചു

$$$$$$$$$$$$$$$$$$$$$$$

**സുരേഷ് ഗോപി**

ഇന്ത്യൻ ഓയിൽ കോർപറേഷൻറെ നേതൃത്വത്തിൽ നടക്കുന്ന സ്വച്ഛത വാരാചരണത്തിൻറെ ഉദ്ഘാടനം കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി പട്ടം കേന്ദ്രീയ വിദ്യാലയത്തിൽ നിർവഹിച്ചു. ശുചിത്വത്തിലേക്കുള്ള സുസ്ഥിരമായ മുന്നേറ്റം പ്രോത്സാഹിപ്പിക്കുന്നതിനെക്കുറിച്ചും, വൃത്തിയുള്ളതും ആരോഗ്യകരവുമായ രാഷ്ട്രം കെട്ടിപ്പടുക്കേണ്ടതിൻറെ ആവശ്യകതയെക്കുറിച്ചും മന്ത്രി ചടങ്ങിൽ വിശദീകരിച്ചു. വിദ്യാർഥികൾക്കും, അധ്യാപകർക്കും, മറ്റ് ജീവനക്കാർക്കും അദ്ദേഹം സ്വച്ഛതാ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ചടങ്ങിൻറെ ഭാഗമായി വൃക്ഷത്തൈ നട്ട ശ്രീ സുരേഷ് ഗോപി വിദ്യാർത്ഥികൾക്ക് വൃക്ഷത്തൈകൾ സമ്മാനിച്ചു.

$$$$$$$$$$$$$$$$$$$$$$$

**ജെപി നദ്ദ**

ബിജെപി വിശാല സംസ്ഥാന നേതൃയോഗം പാർട്ടി അഖിലേന്ത്യാ അദ്ധ്യക്ഷനും കേന്ദ്ര ആരോഗ്യമന്ത്രിയുമായ ജെപി നഡ്ഡ നാളെ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുമെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ കെ.സുരേന്ദ്രൻ അറിയിച്ചു. ബിജെപിയുടെ പഞ്ചായത്ത്- ഏരിയ പ്രസിഡൻറുമാർ മുതൽ സംസ്ഥാന ഭാരവാഹികൾ വരെ യോഗത്തിൽ പങ്കെടുക്കും. ലോക്സഭ തിരഞ്ഞെടുപ്പിൻറെ വിജയത്തോടനുബന്ധിച്ച് പാർട്ടിയെ ശക്തമാക്കാനുള്ള തുടർ പ്രവർത്തനങ്ങൾ യോഗത്തിൽ ചർച്ച ചെയ്യും. തദ്ദേശ തിരഞ്ഞെടുപ്പിൻറെ മുന്നൊരുക്കങ്ങളും യോഗത്തിൽ ചർച്ചയാകുമെന്ന് ശ്രീ കെ സുരേന്ദ്രൻ അറിയിച്ചു.

$$$$$$$$$$$$$$$$$$$$$$$

**എൽ.പി.ജി മസ്റ്ററിങ് - വിഡി സതീശൻ**

എൽ.പി.ജി മസ്റ്ററിങിന് വാർഡ് തലത്തിൽ സംവിധാനം ഒരുക്കണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര പെട്രോളിയം പ്രകൃതി വാതക വകുപ്പ് മന്ത്രിക്ക് പ്രതിപക്ഷ നേതാവ് വിഡി സതീശൻ കത്തയച്ചു. ഗ്യാസ് ഏജൻസികളിൽ ഉണ്ടാകുന്ന തിരക്കും ഉപഭോക്താക്കൾക്കുണ്ടാകുന്ന ബുദ്ധിമുട്ടും ഒഴിവാക്കാൻ

RNU TVPM

വാർഡുതലത്തിലും അക്ഷയ കേന്ദ്രങ്ങളിലുമായി പ്രത്യേക സംവിധാനം ഒരുക്കണമെന്നാണ് കത്തിലെ ആവശ്യം. എൽ.പി.ജി ഉടമകൾ ഗ്യാസ് ഏജൻസിയിലെത്തി മസ്റ്ററിങ് പൂർത്തിയാക്കണമെന്ന കേന്ദ്ര സർക്കാർ നിർദ്ദേശം വയോധികരും സ്ത്രീകളും ഉൾപ്പെടെയുള്ളവർക്ക് ബുദ്ധിമുട്ടുണ്ടാകുന്നതായും ശ്രീ. വിഡി സതീശൻ ചൂണ്ടിക്കാട്ടി.

$$$$$$$$$$$$$$$$$$$$$$

<u>ആന്റിവെനം - ആരോഗ്യമന്ത്രി</u>

സംസ്ഥാനത്ത് പാമ്പ് കടിയേറ്റ് ചികിത്സയ്ക്കെത്തുന്നവർക്ക് ആന്റിവെനം നൽകുന്ന ആശുപത്രികളുടെ പേരുകൾ പ്രസിദ്ധീകരിക്കാൻ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് നിർദേശം നൽകി. ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും ആശുപത്രികളുടെ പേരുകൾ പ്രസിദ്ധീകരിക്കണമെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നൽകിയ നിർദേശത്തിൽ പറയുന്നു.

$$$$$$$$$$$$$$$$$$$$$$

<u>ഹിന്ദി പ്രചാരസഭ</u>

എല്ലാ ഭാഷകളും സംസ്കാരവാഹികളാണെന്നും മാതൃഭാഷയോടൊപ്പം സമ്പർക്ക ഭാഷയെന്ന നിലയിൽ ഹിന്ദിയും പഠിക്കണമെന്നും ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ . കേരള ഹിന്ദി പ്രചാരസഭയുടെ 2023-24 വർഷത്തെ ബിരുദസമർപ്പണ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഒന്നിലധികം ഭാഷകൾ പഠിക്കുന്നത് വിജ്ഞാന വികസനത്തോടൊപ്പം മാനസിക സമ്മർദ്ദം കുറക്കാനും വിദ്യാർത്ഥികളെ സഹായിക്കുമെന്ന് ഗവർണർ പറഞ്ഞു.

RNU TVPM

$$$$$$$$$$$$$$$$$$$$$$

<u>മഴ</u>

സംസ്ഥാനത്ത് അടുത്ത അഞ്ച് ദിവസം ഇടിമിന്നലോട് കൂടിയ വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. എറണാകുളം, തൃശൂർ, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് പോകരുതെന്നും മുന്നറിയിപ്പുണ്ട്. കേരള, തമിഴ്നാട് തീരങ്ങളിൽ ശക്തമായ തിരമാലയ്ക്കും, കടലാക്രമണത്തിനും സാധ്യതയുള്ളതിനാൽ തീരദേശവാസികൾ ജാഗ്രത പാലിക്കണം.

$$$$$$$$$$$$$$$$$$$$$$

**കോപ്പ അമേരിക്ക**

കോപ്പ അമേരിക്ക ,യൂറോ കപ്പ് സെമി ഫൈനൽ മത്സരങ്ങൾക്ക് മറ്റന്നാൾ തുടക്കം. ബുധനാഴ്ച രാവിലെ 5.30 ന് നടക്കുന്ന കോപ്പ അമേരിക്ക സെമിയിൽ അർജൻറീന കാനഡയെ നേരിടും. വ്യാഴാഴ്ച പുലർച്ചെയാണ് യുറുഗ്വേ-കൊളംബിയ രണ്ടാം സെമി. യൂറോ കപ്പിൽ ബുധനാഴ്ച നടക്കുന്ന ആദ്യ സെമിയിൽ സ്പെയിൻ ഫ്രാൻസിനെ നേരിടും. ഇംഗ്ലണ്ടും ഹോളണ്ടും തമ്മിലാണ് വ്യാഴാഴ്ചത്തെ രണ്ടാം സെമിയിൽ ഏറ്റുമുട്ടുക. രാത്രി 12.30 നാണ് രണ്ട് മത്സരങ്ങളും.

$$$$$$$$$$$$$$$$$$$$$$$

**ക്രിക്കറ്റ്**

ഇന്ത്യ-സിംബാബ്‌വെ ട്വൻറി-20 ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരം മറ്റന്നാൾ നടക്കും. 5 മത്സരങ്ങളുള്ള പരമ്പരയിൽ ഇരു ടീമുകളും ഓരോ മത്സരം വീതം വിജയിച്ചിട്ടുണ്ട്.

$$$$$$$$$$$$$$$$$$$$$$$

**ഓഹരി + സ്വർണ്ണം**

രാജ്യത്തെ ഓഹരി വിപണികളിൽ നേരിയ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 36 പോയിൻറ് നഷ്ടത്തിൽ 79,960 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 3 പോയിൻറ് നഷ്ടത്തിൽ 24,320- ലും വ്യാപാരം അവസാനിപ്പിച്ചു.

സ്വർണ വില കുറഞ്ഞു. ഗ്രാമിന് 20 രൂപ കുറഞ്ഞ് 6,745 രൂപയും പവന് 160 കുറഞ്ഞ് 53,960 രൂപയുമാണ് ഇന്നത്തെ വില.

BINU TVPM

$$$$$$$$$$$$$$$$$$$$$$$

**നിര്യാതയായി**

പ്രമുഖ നാട്ടിപ്പാട്ട് കലാകാരി കണ്ണൂർ മട്ടന്നൂരിലെ വി.വി.പാർവ്വതി മാരസ്യാർ നിര്യാതയായി. 97 വയസ്സായിരുന്നു.
ആകാശവാണി നാട്ടിപ്പാട്ട് കലാകാരിയാണ്.

$$$$$$$$$$$$$$$$$$$$$$$

**ആറളം പുനരധിവാസ മേഖല**

കണ്ണൂർ ആറളം പുനരധിവാസ മേഖലയിൽ കൈവശരേഖ അനുവദിച്ചിട്ടും ഭൂമിയിൽ താമസിക്കാത്തവരുടെ കൈവശരേഖ റദ്ദ് ചെയ്യുന്നതിനായി സർക്കാർ ഉത്തരവായി.

താമസമാക്കാത്തവർക്ക് നേരത്തെ നോട്ടീസ് നൽകിയിരുന്നു. ഇതിൽ വ്യക്തമായ മറുപടി നൽകാത്ത 303 പേരുടെ ഭൂമി റദ്ദു ചെയ്യുന്നതിനായി കണ്ണൂർ ഐ ടി ഡി പി പ്രോജക്ട് ഓഫീസർ ശുപാർശ ചെയ്തിരുന്നു. കൈവശരേഖ റദ്ദ് ചെയ്യുന്നത്

സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ ഗുണഭോക്താക്കൾ ജൂലൈ അഞ്ച് മുതൽ 30 ദിവസത്തിനകം നേരിട്ട് ബോധിപ്പിക്കണമെന്ന് ജില്ലാ കളക്ടർ അറിയിച്ചു. .

$$$$$$$$$$$$$$$$$$$$$$$

$$$$$$$$$$$$

$$$

RNU TVPM